# കേരകർഷകർക്ക് ആശ്വാസമാകും

**കേ**രളത്തിൽ നീര ഉത്പാദിപ്പിക്കാനുള്ള സർക്കാറിന്റെ തീരുമാനം വിവിധപ്രശ്നങ്ങളാൽ വലയുന്ന കേരകർഷകർക്ക് വലിയ ആശ്വാസമാകും. കള്ളുചെത്തുവ്യവസായത്തെ സംരക്ഷിച്ചുകൊണ്ട് നിർദിഷ്ട പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലും 1500 തെങ്ങുകളുള്ള ഓരോ യൂണിറ്റിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുക. കേരകർഷകർക്ക് കൂടുതൽ വരുമാനം കിട്ടുന്നതിനായി നീര ഉത്പാദിപ്പിക്കണമെന്ന ആവശ്യത്തിന് ഏറെ പഴക്കമുണ്ട്. വൈകിയാണെങ്കിലും അത് അംഗീകരിക്കപ്പെട്ടതിന്റെ മെച്ചം തെങ്ങുകൃഷിമേഖലയിൽ ഉണ്ടാകുമെന്നാശിക്കാം. പുളിക്കാത്ത കള്ളാണ് നീര. കള്ള് പുളിക്കാതെ കുടത്തിൽനിന്നെടുത്ത് സംസ്കരിച്ച് ഒട്ടും ആൽക്കഹോളില്ലാതെ വിപണിയിലെത്തിക്കാനാണ് പരിപാടി. നീര ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചെത്തുതൊഴിലാളികൾക്കുള്ള പരാതികൾ പരിഹരിക്കാൻ സംഘടനാ പ്രതിനിധികളുമായി എക്സൈസ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിലാണ് പദ്ധതി നടപ്പാക്കാൻ തീരുമാനമായത്. നീര ചെത്തുന്നതിൽ ചെത്തുതൊഴിലാളികൾക്ക് മുൻഗണന നൽകും. കള്ളുഷാപ്പുകൾ ലേലത്തിൽപ്പോകാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഈരണ്ട് യൂണിറ്റുകളിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നാളികേരത്തിന്റെ വിലത്തകർച്ചയും സംഭരണ സംവിധാനത്തിന്റെ പരിമിതികളും കൊണ്ട് കേരകർഷകർ വിഷമിക്കാൻ തുടങ്ങിയിട്ട് ഏറെക്കാലമായി. പാമോയിൽ ഇറക്കുമതിയും വെളിച്ചെണ്ണവിലയെ ബാധിക്കുന്നു. വെളിച്ചെണ്ണ കയറ്റുമതിക്കുള്ള നിയന്ത്രണങ്ങളാണ് മറ്റൊരു പ്രശ്നം. സംഭരണസംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ തേങ്ങ വിൽക്കാനാവാത്ത സ്ഥിതി പലേടത്തുമുണ്ട്. സംഭരണത്തിന് നിയോഗിക്കുന്ന സഹകരണസംഘങ്ങളിൽ പലതും അക്കാര്യത്തിൽ വേണ്ടത്ര താത്പര്യം കാണിക്കാറില്ല. കൊപ്ര ഉണക്കുന്നതിനുള്ള യന്ത്രസംവിധാനങ്ങൾ ഇല്ലാത്തതാണ് അതിന് കാരണമെന്ന് പറയുന്നു. തേങ്ങ സൂക്ഷിക്കാൻ സൗകര്യമില്ലാത്തവർക്ക് വിഷമമുണ്ടാകാതിരിക്കാനും കർഷകർക്ക് ഉടൻ വരുമാനം കിട്ടുന്നതിനും വേണ്ടിയാണ് പച്ചത്തേങ്ങ സംഭരണത്തിന് തുടക്കംകുറിച്ചത്. ആയിരക്കണക്കിന് സഹകരണസ്ഥാപനങ്ങളുള്ള കേരളത്തിൽ അവയുടെ സഹകരണത്തോടെ പച്ചത്തേങ്ങസംഭരണം എല്ലാവർക്കും പ്രയോജനപ്പെടുംവിധം വ്യാപകമാക്കാവുന്നതേയുള്ളൂ. എന്നാൽ, ഇക്കാര്യത്തിലും ഊർജിതശ്രമം ഉണ്ടായിക്കാണുന്നില്ല.

കേരകർഷകരെ സംബന്ധിച്ചിടത്തോളം നാളികേരവില്പനയേക്കാൾ ഏറെ ലാഭകരമാണ് ഇളനീർ വില്പന. നാളികേരവികസന ബോർഡും സർക്കാറും ഇളനീർ പാർലർ തുടങ്ങുന്നവർക്ക് സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇക്കാര്യത്തിലും സ്ഥിതി മെച്ചപ്പെട്ടുവരുന്നതേയുള്ളൂ. ശീതളപാനീയങ്ങൾ നിർമിക്കുന്ന പല ബഹുരാഷ്ട്ര കമ്പനികളും കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽനിന്ന് വൻതോതിൽ ഇളനീർ വാങ്ങാൻ താത്പര്യപ്പെടുന്നതായി റിപ്പോർട്ടുണ്ടായിരുന്നു. ഈ സാധ്യതയും പരമാവധി പ്രയോജനപ്പെടുത്താൻ നമുക്കായിട്ടില്ല. ഇളനീർ സംസ്കരിച്ച് കയറ്റുമതിചെയ്യുന്നതിന് വേണ്ടത്ര യൂണിറ്റുകൾ ഇവിടെ ഇല്ലാത്തത് ഇതിന് തടസ്സമാകുന്നുണ്ട്. തെങ്ങുകൃഷിക്ക് ചെലവേറിവരുന്നതും തേങ്ങയിടാൻ ആളെ കിട്ടാത്തതും കർഷകരെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നങ്ങളാണ്. ചെലവുകുറഞ്ഞതും ചെറുകിട കർഷകർക്ക് എവിടെയും കിട്ടുന്നതുമായ സംവിധാനം ഉണ്ടായാലേ ഈ പ്രശ്നം പരിഹരിക്കപ്പെടൂ. നാളികേരത്തിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും ഏറെയൊന്നും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ, കേരകർഷകരെ രക്ഷിക്കാനുള്ള ലളിതവും പ്രായോഗികവുമായ വഴിയാണ് നീര ഉത്പാദനം. ചെത്തുതൊഴിലാളികളുടെ താത്പര്യവും സംരക്ഷിക്കപ്പെടുന്നതിനാൽ നിർദിഷ്ടപദ്ധതികൊണ്ട് ആ മേഖലയിലും പ്രശ്നങ്ങൾ ഉണ്ടാവുകയില്ല.